# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6356 — 11/7/2012-ൽ മറുപടിക്ക്

## മത്സ്യഫെഡ് ജീവനക്കാരുടെ സസ്പെൻഷൻ

ചോദ്യം — മറുപടി

ശ്രീ. ജി. സുധാകരൻ — ശ്രീ..കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം ജില്ലയിലെ മത്സ്യ ഫെഡിന്റെ കീഴിലുള്ള ഡീസൽ ബങ്കുകളിലെ ജീവനക്കാരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) | ഉണ്ട്. കൊല്ലം ജില്ലയിലെ മത്സ്യ ഫെഡിന്റെ കീഴിലുള്ള ഡീസൽ ബങ്കുകളിൽ കേരള സർക്കാരിന്റെ ധനകാര്യ വിഭാഗത്തിന്റെയും, ലീഗൽ മെട്രോളജി വകുപ്പിന്റെയും സാന്നിദ്ധ്യത്തിൽ നടന്ന സംയുക്ത പരിശോധനയിൻമേലുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെയും, ഫിഷറീസ് രജിസ്ട്രാറുടേയും ശുപാർശ പ്രകാരമാണ് 4 ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുള്ളത്. |
| (ബി) | മത്സ്യഫെഡ് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തതെന്നും സസ്പെൻഷനിലായ ജീവനക്കാർക്ക് ചാർജ് മെമ്മോ നൽകിയോയെന്നും ഇതിനുള്ള കാലതാമസത്തിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | (ബി) | സർക്കാരിന്റെയും ഫിഷറീസ് രജിസ്ട്രാറുടേയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുള്ളത്. ജീവനക്കാർക്ക് ചാർജ്ജ് മെമ്മോ യഥാസമയം നൽകിയിട്ടുണ്ട്. ടി ജീവനക്കാർക്ക് ചാർജ്ജ് മെമ്മോ നൽകുന്നതിന് കാലതാമസം വന്നിട്ടില്ല. |
| (സി) | ഓയിൽ കമ്പനി ഉദ്യോഗസ്ഥരുടേയും, മത്സ്യഫെഡ് ഉദ്യോഗസ്ഥരുടേയും റിപ്പോർട്ട് ഇക്കാര്യത്തിൽ പരിഗണിച്ചിരുന്നുവോ; സസ്പെൻഡ് ചെയ്യുന്നതിനുമുൻപ് ജീവനക്കാരിൽനിന്നും വിശദീകരണം തേടിയിരുന്നുവോയെന്നും വെളിപ്പെടുത്തുമോ ? | (സി) | സർക്കാർ ധനകാര്യ വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലും തുടർന്നു സർക്കാരിന്റെയും ഫിഷറീസ് രജിസ്ട്രാറുടേയും നിർദ്ദേശപ്രകാരവുമാണ് ടി ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുള്ളത്. സസ്പെൻഷനു മുൻപ് ടി ജീവനക്കാരിൽ നിന്നും മത്സ്യ ഫെഡ് വിശദീകരണം ഒന്നും തേടിയിട്ടില്ല. |

സെക്ഷൻ ഓഫീസർ